ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി2-1642/2017/സിഇ/തസ്വഭവ

തീയതി 10.08.2018

# സർക്കുലർ

വിഷയം : കാലവർഷക്കെടുതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളായ റോഡുകൾ, കെട്ടിടങ്ങൾ മുതലായവയ്ക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്

കാലവർഷക്കെടുതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളായ റോഡുകൾ, കെട്ടിടങ്ങൾ മുതലായവയ്ക്കുണ്ടായ കേടുപാടുകൾ എന്തൊക്കെയാണെന്ന് കൃത്യമായി അതാത് തദ്ദേശ സ്വയംഭരണ എഞ്ചിനീയർമാർ (ഗ്രാമ / ബ്ലോക്ക് / ജില്ലാപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) അടിയന്തിരമായി ശേഖരിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കിയ പട്ടിക ഗ്രാമ / ബ്ലോക്ക് / ജില്ലാപഞ്ചായത്തുകളുടേത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശേഖരിക്കേണ്ടതും, മുനിസിപ്പാലിറ്റികളുടേത് അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ശേഖരിക്കേണ്ടതുമാണ്. ടി ആസ്തികൾ റിപ്പയർ ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കുന്നതിന് വേണ്ട എസ്റ്റിമേറ്റുകൾ അതാത് എഞ്ചിനീയർമാർ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 1088